# ഓമനത്തിങ്കൾക്കിടാവോ

ഇരയിമ്മൻ തമ്പി · 1813

ഓമനത്തിങ്കൾക്കിടാവോ — നല്ല കോമളത്താമരപ്പൂവോ
പൂവിൽ നിറഞ്ഞ മധുവോ — പരിപൂർണ്ണേന്ദു തൻറെ നിലാവോ
പുത്തൻ പവിഴക്കൊടിയോ — ചെറു തത്തകൾ കൊഞ്ചും മൊഴിയോ
ചാഞ്ചാടിയാടും മയിലോ — മൃദു പഞ്ചമം പാടും കുയിലോ
തുള്ളുമിളമാൻകിടാവോ — ശോഭ കൊള്ളുന്നോരന്നക്കൊടിയോ
ഈശ്വരൻ തന്ന നിധിയോ — പരമേശ്വരിയേന്തും കിളിയോ
പാരിജാതത്തിൻ തളിരോ — എൻറെ ഭാഗ്യദ്രുമത്തിൻ ഫലമോ
വാത്സല്യരത്നത്തെ വയ്പ്പാൻ — മമ വായ്ച്ചോരു കാഞ്ചനച്ചെപ്പോ
ദൃഷ്ടിക്കു വച്ചോരമൃതോ — കൂരിരുട്ടത്തു വച്ച വിളക്കോ
കീർത്തിലതയ്ക്കുള്ള വിത്തോ — എന്നും കേടു വരാതുള്ള മുത്തോ
ആർത്തിതിമിരം കളവാൻ — ഉള്ള മാർത്താണ്ഡദേവപ്രഭയോ
സൂക്തിയിൽ കണ്ട പൊരുളോ — അതിസൂക്ഷ്മമാം വീണാരവമോ
വമ്പിച്ച സന്തോഷവല്ലി — തൻറെ കൊമ്പത്തു പൂത്ത പൂവല്ലി
പിച്ചകത്തിൻ മലർച്ചെണ്ടോ — നാവിനിച്ഛ നൽകുന്ന കൽക്കണ്ടോ
കസ്തൂരി തൻറെ മണമോ — ഏറ്റ സത്തുക്കൾക്കുള്ള ഗുണമോ
പൂമണമേറ്റൊരു കാറ്റോ — ഏറ്റം പൊന്നിൽ തെളിഞ്ഞുള്ള മാറ്റോ
കാച്ചിക്കുറുക്കിയ പാലോ — നല്ല ഗന്ധമെഴും പനിനീരോ
നന്മ വിളയും നിലമോ — ബഹുധർമങ്ങൾ വാഴും ഗൃഹമോ
ദാഹം കളയും ജലമോ — മാർഗഖേദം കളയും തണലോ
വാടാത്ത മല്ലികപ്പൂവോ — ഞാനും തേടിവച്ചുള്ള ധനമോ
കണ്ണിനു നല്ല കണിയോ — മമ കൈവന്ന ചിന്താമണിയോ
ലാവണ്യപുണ്യനദിയോ — ഉണ്ണിക്കാർവർണ്ണൻ തൻറെ കളിയോ
ലക്ഷ്മീഭഗവതി തൻറെ — തിരുനെറ്റിയിലിട്ട കുറിയോ
എന്നുണ്ണിക്കൃഷ്ണൻ ജനിച്ചോ — പാരിലിങ്ങനെ വേഷം ധരിച്ചോ
പദ്മനാഭൻ തൻ കൃപയോ — മുറ്റും ഭാഗ്യം വരുന്ന വഴിയോ